(2) നക്ഷത്ര ചിഹ്നമിടാത്തചോദ്യങ്ങളുടെ ഉത്തരങ്ങൾ

1 (2692) തീരജ്യോതി പദ്ധതി

പ്രൊഫ. എ.വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരജ്യോതി പദ്ധതിയുടെ പ്രവർത്തന പുരോഗതി വിശദമാക്കാമോ;

(ബി) തീരപ്രദേശത്ത് എത്ര മത്സ്യത്തൊഴിലാളി ഭവനങ്ങൾ ഇതുവഴി വൈദ്യുതീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(സി) പ്രസ്തുത പദ്ധതിപ്രകാരം നടപ്പു സാമ്പത്തികവർഷം എത്ര ഭവനങ്ങൾ വൈദ്യുതീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നതെന്ന് വെളിപ്പെടുത്താമോ;

(ഡി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യം കുറ്റമറ്റതാക്കുന്നതിനും യഥാസമയം ഗുണഭോക്താക്കൾക്ക് ഗുണം ലഭിക്കുന്നതിനും ആവശ്യമായ നിർദ്ദേശം ബന്ധപ്പെട്ടവർക്ക് നൽകുമോ;

(ഇ) വിശദാംശം വെളിപ്പെടുത്താമോ?

ഉത്തരം

(എ) വിശദമാക്കാം. വിവരം അനുബന്ധമായി കൊടുത്തിരിക്കുന്നു.†

(ബി) 2680 മത്സ്യത്തൊഴിലാളി ഭവനങ്ങളിൽ വയറിംഗ് പൂർത്തിയായി. അവയുടെ വൈദ്യുതീകരണത്തിനുള്ള നടപടികൾ പൂർത്തിയായി വരുന്നു.

(സി) വെളിപ്പെടുത്താം. 6000 വീടുകൾ.

(ഡി) ഇക്കാര്യത്തിലാവശ്യമായ നിർദ്ദേശങ്ങൾ ഇതിനകം തന്നെ ബന്ധപ്പെട്ടവർക്ക് നൽകിയിട്ടുണ്ട്.

(ഇ) വെളിപ്പെടുത്താം. ഗ്രാമപഞ്ചായത്തുകൾ വഴി നടപ്പിലാക്കുന്ന ഈ പദ്ധതിയുടെ ഗുണഭോക്തൃ തെരഞ്ഞെടുപ്പിൽ സുതാര്യതയും, നിഷ്പക്ഷതയും ഉറപ്പു വരുത്തുന്നതിനാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ ഗ്രാമപഞ്ചായത്തുകൾക്ക് നൽകിയിട്ടുണ്ട്. കൂടാതെ, പ്രസ്തുത പദ്ധതിപ്രകാരം വയറിംഗ് പൂർത്തിയാക്കിയ മത്സ്യത്തൊഴിലാളി ഭവനങ്ങളിൽ വൈദ്യുതികണക്ഷൻ ലഭ്യമാക്കുന്നതിന് മുൻഗണന നൽകുന്നതിനാവശ്യമായ നിർദ്ദേശം വൈദ്യുതി ബോർഡ് പുറപ്പെടുവിച്ചിട്ടുണ്ട്.

2 (2693) ജലാശയങ്ങളിലേയും നദികളിലേയും മത്സ്യങ്ങളുടെ വംശനാശം

ഡോ. എം.എ. കുട്ടപ്പൻ
ശ്രീ. എഴുകോൺ നാരായണൻ :
ശ്രീ. ജോർജ് ജെ. മാത്യു :
ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ :

---

† അനുബന്ധം I

LIBRARY ARCHIVES Kerala Legislative Assembly

<u>ശ്രീ. പി.ജെ. ജോയി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജലാശയങ്ങളിൽ നിന്നും നദികളിൽ നിന്നുമുള്ള മത്സ്യത്തിന്റെ ഉൽപ്പാദനത്തോത് കുറഞ്ഞുവരുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതിനുകാരണമെന്തെന്ന് പരിശോധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) ജലാശയങ്ങളിലും നദികളിലും വംശനാശം സംഭവിച്ചതോ സംഭവിക്കുന്നതോ ആയ മത്സ്യങ്ങളുടെ ഉൽപ്പാദനം വർദ്ധിപ്പിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നു?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) സംസ്ഥാനത്തെ ജലാശയങ്ങളിലും, നദികളിലും നിന്നുള്ള മത്സ്യഉൽപ്പാദനത്തോത് കുറഞ്ഞുവരുന്നതിന് മുഖ്യകാരണങ്ങൾ അനാശാസ്യമായ മത്സ്യബന്ധന മുറകൾ, അമിത ചൂഷണം, ജലമലിനീകരണം എന്നിവയാണ്. വംശനാശ ഭീഷണി നേരിടുന്ന ഉൾനാടൻ മത്സ്യ ഇനങ്ങളെക്കുറിച്ച് പഠനം നടത്തുന്നതിനുവേണ്ടി പീച്ചി(തൃശ്ശൂർ) യിലെ കേരള ഫോറസ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ സാങ്കേതിക സഹായത്തോടെ നടപടികൾ എടുത്തുവരുന്നു.

(സി) അമിത ചൂഷണം, ജലമലിനീകരണം, ആശാസ്യമല്ലാത്ത മത്സ്യബന്ധന മുറകൾ എന്നീ കാരണങ്ങളാൽ മത്സ്യവിഭവശോഷണം അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്ന ജലാശയങ്ങളിൽ മത്സ്യ/ചെമ്മീൻ കുഞ്ഞുങ്ങളെ നിക്ഷേപിച്ച് വളർത്തിയെടുത്ത് മത്സ്യസമ്പത്ത് പരിപാലിക്കുന്നതിനും, ഉൽപ്പാദനക്ഷമത നിലനിർത്തുന്നതിനും വേണ്ടിയുള്ള പ്രവർത്തനങ്ങൾ നടപ്പാക്കിവരുന്നു.

മത്സ്യവിഭവം സംരക്ഷിക്കുന്നതിനും, അനധികൃത മത്സ്യബന്ധനം തടയുന്നതിനും റോന്തു ചുറ്റൽ പദ്ധതി ശക്തിപ്പെടുത്തുവാൻ ലക്ഷ്യമിട്ടിട്ടുണ്ട്. ലൈസൻസില്ലാത്ത വലകൾ നീക്കം ചെയ്യുക, ഏറ്റസമയത്തെ മത്സ്യബന്ധനത്തിനെതിരെ നിയമനടപടികൾ സ്വീകരിക്കുക. വിഭവസംരക്ഷണത്തിനും, മത്സ്യപ്രജനനം സാദ്ധ്യമാക്കുന്നതിനുംവേണ്ടി നഷ്ടപരിഹാരം നൽകി കുറ്റിവലകൾ നീക്കം ചെയ്യുക, അഷ്ടമുടികായൽ, വേമ്പനാട്ടുകായൽ എന്നീ ഉൾനാടൻ ജലാശയങ്ങളിൽ ഒരു നിശ്ചിത പ്രദേശം മത്സ്യവിഭവ സംരക്ഷിത മേഖലയായി പ്രഖ്യാപിച്ച് കാത്തു പരിപാലിക്കുക എന്നിവയും ചെയ്യാൻ ഉദ്ദേശമുണ്ട്.

നല്ലയിനം മത്സ്യക്കുഞ്ഞുങ്ങളെ തിരഞ്ഞെടുക്കപ്പെട്ട പ്രധാനപ്പെട്ട ജലാശയങ്ങളിൽ നിക്ഷേപിച്ച് സ്വമേധയാ വളരുന്നതിന് അനുവദിക്കുന്നതിനായി സാമൂഹ്യ മത്സ്യക്കൃഷി പദ്ധതി നടപ്പിലാക്കി വരുന്നു.

ശുദ്ധജല മത്സ്യക്കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് മത്സ്യകർഷക വികസന ഏജൻസികളും ഓരുജല മത്സ്യ/ചെമ്മീൻ കൃഷിക്കായി ഓരുജല മത്സ്യ/ചെമ്മീൻ കർഷക വികസന ഏജൻസികളും പ്രവർത്തിച്ചുവരുന്നു.

എറണാകുളം ജില്ലയിലെ പൊക്കാളി നിലങ്ങളിലും, ആലപ്പുഴ, കോട്ടയം എന്നീ ജില്ലകളിലെ കുട്ടനാടൻ ജലശേഖരങ്ങളിലും സംയോജിത ചെമ്മീൻ കൃഷിയും, ആറ്റുകൊഞ്ച്, നാടൻ മത്സ്യം എന്നിവ യഥാക്രമം കൃഷി നടത്തി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതിയും ആരംഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly